**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1675 05/12/2014-ൽ മറുപടിയ്ക്ക്

## നിറവ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.വിജയദാസ് | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |

| | |
|---|---|
| എ) നിറവ് പദ്ധതിയ്ക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ; | എ) നിറവ് പദ്ധതിയ്ക്കായി പ്രത്യേകിച്ച് തുകയൊന്നും കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ അനുവദിച്ചിട്ടില്ല. നിലവിലുള്ള കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നിറവ് പദ്ധതി നടപ്പിലാക്കുന്നത്.<br>2012-13-ൽ ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നിറവ് പദ്ധതിയ്ക്കായി ആകെ 303 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>കൊല്ലം - 15.30 ലക്ഷം<br>ആലപ്പുഴ - 15.30 ലക്ഷം<br>ഇടുക്കി - 113.3 ലക്ഷം<br>കോട്ടയം - 30.3 ലക്ഷം<br>മലപ്പുറം - 39.3 ലക്ഷം<br>തൃശ്ശൂർ - 45.3 ലക്ഷം<br>വയനാട് - 15.30 ലക്ഷം<br>കോഴിക്കോട് - 13.60 ലക്ഷം<br>കണ്ണൂർ - 15.30 ലക്ഷം |
| ബി) കോങ്ങാട് മണ്ഡലത്തിൽ ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ നൽകുമോ; | ബി) കോങ്ങാട് മണ്ഡലത്തെ 2013-14 സാമ്പത്തിക വർഷമാണ് നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. 31.05.2014-ൽ മണ്ഡലതല മീറ്റിംഗ് കൂടി കരട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആർ.കെ.വി.വൈ പദ്ധതികളായ |

തരിശുഭൂമിയിൽ നെൽകൃഷി, ജാതികൃഷി, കിഴങ്ങുവർഗ്ഗ കൃഷി എന്നിവ കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്നുണ്ട്. മണ്ഡലത്തിന്റെ മാത്രമായി പദ്ധതികളൊന്നും അംഗീകരിച്ചിട്ടില്ല.

സി) പ്രസ്തുത പദ്ധതി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സി) 25.11.2011-ലെ ജി.ഒ(ആർ.റ്റി)നം.2193/2011/കൃഷി പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു.

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - സംസ്ഥാന സർക്കാരിന്റെ ഒരു വർഷത്തെ പദ്ധതിയുടെ ഭാഗമായി സമഗ്ര കൃഷി വികസന പദ്ധതി 'നിറവ്' - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**കൃഷി (ആസൂത്രണം - ബി) വകുപ്പ്**

ജി.ഒ (ആർ.റ്റി)നം: 2193/2011/കൃഷി തീയതി, തിരുവനന്തപുരം,25.11.2011.

==========================================================

**പരാമർശം**:-16/11/2011-ൽ ബഹു:കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനങ്ങൾ.

**ഉത്തരവ്**

പ്രദേശത്തിന്റേയും മണ്ണിന്റേയും പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിക്കുന്നതിനും വിളകളുടെ വിസ്തൃതി കൂട്ടുന്നതിനും വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും മൂല്യവർദ്ധനവിലൂടെയും ഉൽപ്പന്നവൈവിദ്ധ്യവൽക്കരണത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അനുബന്ധ മേഖലകളായ കാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യ കൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിത്തു മുതൽ വിപണിവരെയുള്ള ഒരു സമഗ്ര കാർഷിക വികസന പദ്ധതി (നിറവ്) സർക്കാറിന്റെ 1 വർഷത്തെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന നിയോജകമണ്ഡലങ്ങളിൽ നടത്തിപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു .

| നമ്പർ | ജില്ല | നിയോജകമണ്ഡലം |
|---|---|---|
| 1 | കണ്ണൂർ | കൂത്തുപറമ്പ് |
| 2 | കോഴിക്കോട് | പേരാമ്പ്ര, നാദാപുരം, ബാലുശ്ശേരി |
| 3 | വയനാട് | കല്പറ്റ |
| 4 | മലപ്പുറം | കോട്ടയ്ക്കൽ |
| 5 | തൃശ്ശൂർ | കൊടുങ്ങല്ലൂർ |
| 6 | എറണാകുളം | പറവൂർ |
| 7 | ഇടുക്കി | തൊടുപുഴ |
| 8 | ആലപ്പുഴ | ചെങ്ങന്നൂർ |
| 9 | കൊല്ലം | പത്തനാപുരം |

നിറവ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ താഴെപ്പറയും പ്രകാരം സംഘടിപ്പിച്ച് കൊണ്ട് ഉത്തരവാകുന്നു.

**സംസ്ഥാന തല കമ്മിറ്റി:**

ചെയർമാൻ : കൃഷി മന്ത്രി
വൈസ് ചെയർമാൻ : എം.എൽ.എ
കൺവീനർ: പി.പി.എം സെൽ ഡയറക്ടർ
അംഗങ്ങൾ : ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ഡയറക്ടർമാർ, എം.ഡി.മാർ, ചീഫ് എഞ്ചിനീയർ ഇറിഗേഷൻ, കുടുംബശ്രീ ഡയറക്ടർ

**നിയോജക മണ്ഡലം കമ്മിറ്റി:**

ചെയർമാൻ -- എം.എൽ.എ
കൺവീനർ : പ്രിൻസിപ്പൽ കൃഷി ഓഫീസർ

**അംഗങ്ങൾ:**

1. കൃഷി അസിസ്സ്റ്റന്റ് ഡയറക്ടർ
2. ഫിഷറീസ് വകുപ്പ്, ജലസേജനം
3. മൃഗ സംരക്ഷണ വകുപ്പ്
4. ക്ഷീര വികസനം
5. പട്ടികജാതി വികസനം
6. മണ്ണു സംരക്ഷണം
7. ആത്മ
8. കുടുംബശ്രീ
9. ഹോർട്ടികൾച്ചർ മിഷൻ
10. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ

(1–10: ജില്ലാതല ഉദ്യോഗസ്ഥ പ്രതിനിധി)

11. നബാർഡ്
12. കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ
13. പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ
14. കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ്
15. പി.പി.എം സെൽ

(12–15: പ്രതിനിധി)

16. മുനിസിപ്പൽ ചെയർമാൻ
17. ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ
18. ഗ്രാമ പഞ്ചായത്ത് പ്രസിഡൻറുമാർ
19. കൃഷി ഓഫീസർമാർ
20. ബ്ളോക്ക് ക്ഷീര വികസന ഓഫീസർ
21. പൊക്കാളി നില വികസന ഏജൻസി പ്രതിനിധി (നിലവിലുള്ള സ്ഥലങ്ങളിൽ)
22. അഡാക്ക്
23. സാഫ് പ്രതിനിധി

പഞ്ചായത്ത്/ മുനിസിപ്പൽ തല കമ്മിറ്റി/ ഇംപ്ളിമെന്റിംഗ് കമ്മിറ്റി

1. ചെയർമാൻ -- പഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പൽ ചെയർമാൻ
2. കൺവീനർ -- കൃഷി അസിസ്റ്റന്റ് ഡയറക്ടർ

അംഗങ്ങൾ

1. എല്ലാ പഞ്ചായത്ത് അംഗങ്ങളും
2. കൃഷി ഓഫീസർ
3. ക്ഷീര വികസന ഓഫീസർ
4. ക്ഷീര സംഘം പ്രസിഡന്റുമാർ
5. വെറ്റിനറി സർജന്മാർ
6. ജലസേജന വകുപ്പ് ഏജൻസി ഫീയർ
7. NREGS ചാർജ്ജ് ഓഫീസർ
8. പാടശേഖര കമ്മിറ്റി പ്രസിഡന്റ്/ സെക്രട്ടറി
9. നിറവ് സൊസൈറ്റിയുടെ പ്രതിനിധി

നിലവിലുള്ള കേന്ദ്രസംസ്ഥാന സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ടി പദ്ധതിക്കുവേണ്ടി തയ്യാറാക്കുന്ന പ്രോജക്ടുകളെ സംബന്ധിച്ച ശിൽപ്പശാല നടത്തുന്നതിന് അനുമതി നൽകി ഉത്തരവായി പുറപ്പെടുവിക്കുന്നു.

ഇതിന്റെ ചിലവ് ആത്മ സ്കീമിൽ ഉൾപ്പെടുത്തേണ്ടതാണ്.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
എസ്. സുഷ്മ
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ കൃഷി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ (പി.പി.എം. സെൽ) കൃഷി വകുപ്പ്, തിരുവനന്തപുരം
എം.എൽ.എ (കവറിംഗ് ലെറ്റർ സഹിതം)
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
വികസന സമിതിയിലെ മറ്റ് അംഗങ്ങൾക്കും (പി.എ.ഒ മുഖേന)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

Sherly P.

സെക്ഷൻ ഓഫീസർ.

Snehams
സെക്ഷൻ ഓഫീസർ